# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 511** 11.06.2013-ലെ മറുപടിക്ക്

## ധനകാര്യ മാനേജ്മെന്റ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി | ശ്രീ. കെ.എം. മാണി<br>ബഹു. ധനകാര്യവും, നിയമവും, ഭവനനിർമ്മാണവും വകുപ്പുമന്ത്രി |

| | | |
|---|---|---|
| (എ) | സംസ്ഥാനത്തെ ധനകാര്യ മാനേജ്മെന്റ് കാര്യക്ഷമമാക്കുന്നതിന് കഴിഞ്ഞ രണ്ട് വർഷമായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; | ധനകാര്യ മാനേജ്മെന്റ് കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി ഭരണപരവും വിഭവ സംരക്ഷണത്തിനും അധികവിഭവ സമാഹരണത്തിനും ഉതകുന്ന നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. സർക്കാർ വകുപ്പുകളിൽ അധിക തസ്തികകൾ നിലവിലുണ്ടോ എന്ന് കണ്ടെത്തുന്നതിനും പുതിയ തസ്തികകൾ സൃഷ്ടിക്കേണ്ട സാഹചര്യങ്ങളിൽ കണ്ടെത്തിയ അധിക തസ്തികകളിൽ നിന്നും നിയമനം നടത്താനും ചീഫ് സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പുതിയ വാഹനങ്ങൾ വാങ്ങുന്നതിന് നിയന്ത്രണം ഏർപ്പെടുത്തി. ആരോഗ്യ കുടുംബക്ഷേമം ഒഴികെയുള്ള വകുപ്പുകളിൽ നിന്നുള്ള ജീവനക്കാരുടെ വർക്കിംഗ് അറേഞ്ച്മെന്റ് നിർത്തലാക്കി. പൊതുമേഖലാ സ്ഥാപനങ്ങൾ, സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ചെലവ് ചുരുക്കുന്നതിന്റെ ഭാഗമായി ഡയറി അച്ചടിക്കുന്നതിൽ നിയന്ത്രണ മേർപ്പെടുത്തി. സർക്കാർ ഓഫീസുകളിൽ വൈദ്യുതി, ജലം, സ്റ്റേഷനറി എന്നിവയുടെ ഉപഭോഗം നിയന്ത്രിക്കുന്നതുൾപ്പെടെയുള്ള നിർദ്ദേശങ്ങൾക്കൊപ്പം മുൻകാലങ്ങളിൽ പുറപ്പെടുവിച്ചിട്ടുള്ള ചെലവു ചുരുക്കൽ ഉത്തരവുകൾ കർശനമായി പാലിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. 08.08.2012 ലെ സ.ഉ. (പി) നം. 441/2012/ധന, സ.ഉ. (പി) നം. 442/2012/ധന എന്നീ ഉത്തരവുകൾ പ്രകാരമാണ് മേൽ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുള്ളത്. കൂടാതെ പുതിയ നികുതി നികുതിയേതര വരുമാന മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനും നികുതി പിരിവ് ഊർജ്ജിതമാക്കുന്നതിനുമുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വരുമ്പോഴുണ്ടായിരുന്ന ട്രഷറി മിച്ചവും ഇപ്പോഴത്തെ ട്രഷറി മിച്ചവും എത്രയാണ് ; | ഈ സർക്കാർ അധികാരമേറ്റെടുത്തപ്പോൾ (16.05.2011 ലെ കണക്കുകൾ പ്രകാരം) 1963.47 കോടി രൂപ ട്രഷറി ബില്ലുകളിൽ നിക്ഷേപം ഉണ്ടായിരുന്നു. റിസർവ് ബാങ്കിന്റെ കണക്കുകൾ പ്രകാരം 06.06.2013 ൽ ഇത് 645.34 കോടി രൂപയാണ്. |
| (സി) | അടിസ്ഥാന സൗകര്യ വികസനത്തിന് കഴിഞ്ഞ രണ്ട് വർഷം എത്ര രൂപ ചെലവഴിച്ചു ; വിശദമാക്കാമോ ? | അടിസ്ഥാന സൗകര്യ വികസനമുൾപ്പെടെയുള്ള മൂലധനച്ചെലവുകൾക്കായി (റോഡ് വികസനമുൾപ്പെടെ) 2011-12, 2012-13 എന്നീ സാമ്പത്തിക വർഷങ്ങളിൽ സംസ്ഥാന സർക്കാർ ചെലവഴിച്ച തുക താഴെ പറയും പ്രകാരമാണ്. |

| സാമ്പത്തിക വർഷം | ചെലവഴിച്ച തുക (കോടിയിൽ) |
|---|---|
| 2011-12 | 4013.77 കോടി രൂപ |
| 2012-13<br>(പ്രാരംഭ കണക്കുകൾ പ്രകാരം) | 4571.64 കോടി രൂപ |

സെക്ഷൻ ഓഫീസർ